**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 454** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>അളഗപ്പ ടെക്സ്റ്റയിൽ മിൽസ് പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിലെ അളഗപ്പനഗർ പഞ്ചായത്തിലെ ആമ്പല്ലൂരിൽ പ്രവർത്തിച്ചിരുന്ന നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന് കീഴിലുള്ള 'അളഗപ്പ ടെക്സ്റ്റയിൽ മിൽസ് ' കോവിഡിനെ തുടർന്ന് അടച്ചുപൂട്ടുകയും നാളിതുവരെയായി തുറന്ന് പ്രവർത്തിക്കാത്തതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** സംസ്ഥാന സർക്കാർ കൈമാറിയ സ്ഥലത്ത് പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പ്രവർത്തന ക്ഷമമാക്കുന്നതിനോ, അല്ലാത്ത പക്ഷം പ്രസ്തുത സ്ഥലം നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷനിൽ (എൻ.ടി.സി) നിന്നും തിരികെയെടുത്ത് അനുയോജ്യമായ വ്യവസായ സംരംഭങ്ങളോ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിൽ, സതേൺ റീജിയണിലുള്ള 14 മില്ലുകളും അടഞ്ഞു കിടക്കുന്നതിനാൽ അളഗപ്പ ടെക്സ്റ്റൈൽ മിൽ ഇനി തുറന്നു പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. കേന്ദ്ര സർക്കാർ തലത്തിൽ അനുമതി ലഭിക്കുകയാണെങ്കിൽ അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**